പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യ ദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ (2)

സ്വർഗ്ഗ വാതിൽ തുറന്നു ഭൂമിയിൽ
നിർഗളിക്കും പ്രകാശമേ (2)
അന്ധകാര വിരിപ്പു മാറ്റിടും ചന്ദമേറുന്ന
ദീപമേ
കേഴുമാത്മാവിൽ ആശവീശുന്ന മോഹന
ദിവ്യ ഗാനമേ
(പരിശുദ്ധാത്മാവേ..)

വിണ്ടുണങ്ങി വരണ്ട മാനസം കണ്ട വിണ്ണിൻ
തടാകമേ (2)
മന്ദമായ് വന്നു വീശിയാനന്ദം തന്ന
പൊന്നിളം തെന്നലേ

**രക്തസാക്ഷികൾ ആഞ്ഞു പുൽകിയ**
**പുണ്യജീവിത പാത നീ**
**(പരിശുദ്ധാത്മാവേ..)**